ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയും ചൈനയും തമ്മിലുള്ള സുസ്ഥിരവും ക്രിയാത്മകവുമായ ബന്ധം ആഗോള സമാധാനത്തിനും സമൃദ്ധിക്കും ഗണ്യമായ സംഭാവന നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **PM Narendra Modi Says Stable and Constructive India-China Relations Vital for Global Peace and Prosperity.**

2. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ എൻ.ഡി.എ സ്ഥാനാർഥി സി.പി.രാധാകൃഷ്ണൻ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിക്കും. I.N.D.I സഖ്യ സ്ഥാനാർത്ഥി, ബി.സുദർശൻ റെഡ്ഡി നാളെ പത്രിക നൽകും.

   **Vice Presidential Poll: NDA Candidate C.P. Radhakrishnan to File Nomination Today, I.N.D.I.A Bloc's B. Sudhakar Reddy will submit Nomination Tomorrow.**

3. അഞ്ച് വർഷത്തിനുള്ളിൽ ഇന്ത്യ ലോകത്തിലെ ഒന്നാം നമ്പർ ഓട്ടോമൊബൈൽ വ്യവസായ കേന്ദ്രമായി മാറുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.

   **India to Become World's Top Automobile Manufacturing Hub in Five Years, says Union Minister Nitin Gadkari.**

4. ദേശീയ നഗര ശുചിത്വ സർവേയിൽ മികച്ച മുന്നേറ്റം നടത്തിയ കേരളത്തിലെ നഗരസഭകൾക്ക് ഇന്ന് ആദരം; ശുചിത്വഭേരി പരിപാടി മന്ത്രി എം. ബി. രാജേഷ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

   **Kerala Municipalities to Be Honoured Today for Remarkable Progress in National Cleanliness Survey; Minister M.B. Rajesh to Inaugurate 'Suchithwabheri' in Thiruvananthapuram.**

5. മഹാരാഷ്ട്രയിൽ ശക്തമായ മഴയിൽ കനത്ത നാശനഷ്ടം; ട്രെയിൻ - റോഡ് ഗതാഗതം തടസപ്പെട്ടു.

   **Heavy Rains Cause Severe Damage in Maharashtra; Train and Road Transport Disrupted.**

6. ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ, ജൂനിയർ വിഭാഗത്തിൽ ഇന്ത്യയുടെ രശ്മിക സഹ്ഗലിന് സ്വർണം.

   **India's Rashmika Sahgal Wins Gold in Junior Category at Asian Shooting Championship.**

**&&&&&&&&&&&&&&&&&&&&&&&**

## PM- GAYA PROJECT

ബിഹാറിലെ ഗയയിൽ ആന്ത - സിമാരിയ ഗതാഗത വികസന പദ്ധതി പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. പട്ന ജില്ലയിലെ മൊകാമയെയും ബെഗുസാരായിയെയും ബന്ധിപ്പിച്ച് ഗംഗാ നദിക്ക് കുറുകെ നിർമിച്ച രണ്ട് കിലോമീറ്റർ നീളമുള്ള ആറുവരി പാലവും അനുബന്ധ റോഡുകളും ചേർന്ന പദ്ധതിയാണിത്. വാഹനങ്ങൾക്ക് 100 കിലോമീറ്റർ വരെ യാത്രാദൂരം കുറയ്ക്കുന്നതിന് പുതിയ പാലം സഹായിക്കുമെന്ന് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ, ദേശീയ പാത അതോറിറ്റി അംഗം അനിൽ ചൗധരി അറിയിച്ചു. 2017 ലാണ് പ്രധാനമന്ത്രി പദ്ധതിയുടെ തറക്കല്ലിട്ടത്.

&&&&&&&&&&&&&&&&&&&&&&&

## PM – WANG YI

ഇന്ത്യയും ചൈനയും തമ്മിലുള്ള സുസ്ഥിരവും ക്രിയാത്മകവുമായ ബന്ധം ആഗോള സമാധാനത്തിനും സമൃദ്ധിക്കും ഗണ്യമായ സംഭാവന നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യ-ചൈന അതിർത്തിയിൽ സമാധാനവും ശാന്തിയും നിലനിർത്തണമെന്നും ന്യായവും പരസ്പര സ്വീകാര്യവുമായ പരിഹാരത്തിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ചൈനയിൽ നടക്കാനിരിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിയിലേക്ക് ചൈനീസ് പ്രസിഡന്റിന്റെ ക്ഷണം, വാങ് യി പ്രധാനമന്ത്രിക്ക് കൈമാറി.

&&&&&&&&&&&&&&&&&&&&&&&

## CABINET

രാജസ്ഥാനിലെ കോട്ട - ബുണ്ടി ഗ്രീൻ ഫീൽഡ് വിമാനത്താവളം വികസിപ്പിക്കുന്നതിന് 1,507 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. ഒഡിഷയിൽ 8,307.74 കോടി രൂപ ചെലവിൽ 6-വരി പാതയുടെ നിർമാണത്തിനും കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവാണ് യോഗ തീരുമാനങ്ങൾ വിശദീകരിച്ചത്.

&&&&&&&&&&&&&&&&&&&&&&&

## PM– CABINET DECISIONS

ഒഡീഷ, രാജസ്ഥാൻ സംസ്ഥാനങ്ങളുടെ വികസനത്തിന് ആക്കം കൂട്ടുന്നവയാണ് ഇന്നലെ പ്രഖ്യാപിച്ച മന്ത്രിസഭാ തീരുമാനങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒഡിഷയിലെ 6-വരി പാതയുടെ നിർമാണം ഗതാഗതത്തിരക്ക് കുറയ്ക്കാനും യാത്ര സുഗമമാക്കാനും

സഹായിക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. രാജസ്ഥാനിലെ ഗ്രീൻഫീൽഡ് വിമാനത്താവള വികസനം ടൂറിസവും തൊഴിലും പ്രോത്സാഹിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

## PARLIAMENT - ADJOURNED

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പടെ ഉന്നയിച്ച് പാർലമെന്റിൽ ഇന്നലെയും പ്രതിപക്ഷ ബഹളം. ബഹളത്തിനിടെ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഭേദഗതി) ബിൽ, ലോക്സഭ പാസാക്കി. രാജ്യസഭയുടെ അംഗീകാരം ലഭിച്ചതോടെ 2025 ലെ ഖനി - ധാതു ഭേദഗതി ബില്ലും പാർലമെന്റ് പാസാക്കി.

&&&&&&&&&&&&&&&&&&&&&&&

## VP ELECTION

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനായി എൻഡിഎ സ്ഥാനാർഥി സി.പി രാധാകൃഷ്ണൻ ഇന്ന് നാമനിർദ്ദേശ പത്രിക നൽകും. എൻഡിഎയുടെ മുതിർന്ന നേതാക്കൾ അദ്ദേഹത്തെ അനുഗമിക്കും. പ്രതിപക്ഷ അംഗങ്ങൾ ഉൾപ്പെടെ എല്ലാ എംപിമാരും ശ്രീ രാധാകൃഷ്ണനെ ഏകകണ്ഠമായി തിരഞ്ഞെടുക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചിരുന്നു. അതേസമയം, I.N.D.I സഖ്യത്തിന്റെ സ്ഥാനാർത്ഥി, സുപ്രീംകോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡി നാളെ നാമനിർദേശ പത്രിക നൽകും. നാളെയാണ് നാമനിർദേശ പത്രിക നൽകാനുള്ള അവസാന ദിനം. അടുത്തമാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&&&&&&

## GADKARI-KPMG REPORT (INTRO)

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇന്ത്യ ലോകത്തിലെ ഒന്നാം നമ്പർ ഓട്ടോമൊബൈൽ വ്യവസായ കേന്ദ്രമായി മാറുമെന്ന് കേന്ദ്ര

റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി. ന്യൂഡൽഹിയിൽ കെപിഎംജി റിപ്പോർട്ട് പുറത്തിറക്കുകയായിരുന്നു അദ്ദേഹം. ഓട്ടോമൊബൈൽ മേഖല നിലവിൽ പ്രതിവർഷം 14 ശതമാനം വളർച്ച കൈവരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. **(വോയിസ്)**

&&&&&&&&&&&&&&&&&&&&&&&

## SCINDIA – POSTAL SERVICE

തപാൽ സേവനങ്ങളുടെ പുതിയ ഡിജിറ്റൽ യുഗത്തിന് തുടക്കം കുറിച്ച് കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. തപാൽ വകുപ്പ് ഐ ടി 2.0-അഡ്വാൻസ്ഡ് പോസ്റ്റൽ ടെക്നോളജി വിജയകരമായി പുറത്തിറക്കി. തപാൽ വകുപ്പിനെ ലോകോത്തര നിലവാരമുള്ള പൊതുമേഖല ലോജിസ്റ്റിക്സ് സ്ഥാപനമാക്കിമാറ്റാൻ ഇതിലൂടെ സാധിക്കുമെന്ന് ശ്രീ സിന്ധ്യ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

## AMIT SHAH – BJP KERALA

ബിജെപി മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ വെള്ളിയാഴ്ച കേരളത്തിലെത്തും. കൊച്ചിയിൽ ബിജെപി സംസ്ഥാന നേതൃയോഗം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&

## MB RAJESH

ദേശീയ നഗര ശുചിത്വ സർവേയിൽ മികച്ച മുന്നേറ്റം നടത്തിയ നഗരസഭകളെ ആദരിക്കുന്ന ശുചിത്വഭേരി 2025 പരിപാടി മന്ത്രി എം. ബി. രാജേഷ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഹരിതമിത്രം 2.0 യുടെ ഔദ്യോഗിക ലോഞ്ചിങ്ങും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിങ് ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. രാജ്യത്തെ നഗര ശുചിത്വ

സർവേയിൽ ഇക്കുറി കേരളത്തിലെ എട്ട് നഗരങ്ങൾ ആദ്യ നൂറിലും, 82 നഗരങ്ങൾ ആദ്യ ആയിരത്തിലും ഇടംപിടിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&&

## DIGITAL KERALA-CM

സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം. ഈ ചരിത്രനേട്ടത്തിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. 21 ലക്ഷത്തി 87,667 പഠിതാക്കൾ മൂല്യനിർണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത കൈവരിച്ചതായി മന്ത്രി എം.ബി രാജേഷ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മറ്റന്നാൾ വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&&&&&&

## PM-IFS TRAINEES

2024 ബാച്ച് ഇന്ത്യൻ ഫോറിൻ സർവീസിലെ ഓഫീസർ ട്രെയിനികൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചു. 2047 ൽ വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ, ഭാവി നയതന്ത്രജ്ഞർ എന്ന നിലയിൽ ഓഫീസർ ട്രെയിനികളുടെ പങ്കിനെക്കുറിച്ച് പ്രധാനമന്ത്രി വിശദീകരിച്ചു. സംവാദങ്ങളിലൂടെയും വിജ്ഞാന

പരീക്ഷകളിലൂടെയും വിവിധ രാജ്യങ്ങളിലെ യുവാക്കൾക്കിടയിൽ ഇന്ത്യയെക്കുറിച്ചുള്ള ജിജ്ഞാസ വളർത്താനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&&&&&&

## MAHA - RAIN

മഹാരാഷ്ട്രയിൽ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും മരണസംഖ്യ 21 ആയി. മുംബൈ, താനെ, പാൽഘർ കൊക്കൻ, എന്നിവിടങ്ങളിൽ തുടർച്ചയായ നാലാം ദിവസവും പേമാരി ശക്തമാണ്. വെള്ളപ്പൊക്കം രൂക്ഷമായ നന്ദേഡ് ജില്ലയിൽ എട്ട് പേർ മരിച്ചു. ഇന്ന് വിദർഭ മേഖലയിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പൂനെയ്ക്കും മുംബൈയ്ക്കും ഇടയിൽ ട്രെയിൻ സർവീസ് നിർത്തിവച്ചിരിക്കുകയാണ്. താനെ, റായ്ഗഡ് ജില്ലകളിൽ ഇന്ന് സ്കൂളുകൾക്കും കോളേജുകൾക്കും അവധി നൽകി.

&&&&&&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിലും ഒറ്റപ്പെട്ട ഇടങ്ങളിൽ മഴയ്ക്ക് സാധ്യത. കർണാടക തീരത്ത് ഇന്നും ലക്ഷദ്വീപ് തീരത്ത് നാളെയും മറ്റന്നാളും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&

## TOLL PLAZA CASE (INTRO)

പാലിയേക്കര ടോൾ പ്ലാസ കേസിൽ ദേശീയ പാത അതോറിറ്റിയുടെ അപ്പീൽ സുപ്രീംകോടതി തള്ളി. ഇടപ്പള്ളി-മണ്ണുത്തി പാതയിൽ അറ്റകുറ്റപ്പണികൾ ശരിയായി നടക്കാത്തതും, ഗതാഗതക്കുരുക്കും ചൂണ്ടിക്കാട്ടി നാലാഴ്ച ടോൾപിരിവ് നിർത്തിവച്ച ഹൈക്കോടതി

വിധിക്കെതിരെയാണ് ദേശീയപാത അതോറിറ്റി അപ്പീൽ നൽകിയത്.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി **ഭരിത പ്രതാപ്...............**

**(വോയിസ്)**

&&&&&&&&&&&&&&&&&&&&&&&

## ASIAN SHOOTING CHAMPIONSHIP

കസാക്കിസ്ഥാനിൽ നടക്കുന്ന പതിനാറാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ, ജൂനിയർ വനിതാ എയർ പിസ്റ്റൾ വിഭാഗത്തിൽ ഇന്ത്യയുടെ രശ്മിക സഹ്ഗലിന് സ്വർണ്ണം. 10 മീറ്റർ എയർ പിസ്റ്റൾ യൂത്ത് വനിതാ വിഭാഗത്തിൽ ഇന്ത്യയുടെ കനക് ബുധ് വാർ സ്വർണ്ണവും, അഗം ഗ്രെവാൾ വെള്ളിയും നേടി. ടീം വിഭാഗത്തിലും ഇന്ത്യ സ്വർണ മെഡൽ കരസ്ഥമാക്കി.

&&&&&&&&&&&&&&&&&&&&&&&

## JAISHANKAR – RUSSIA

മോസ്കോയിൽ നടക്കുന്ന ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷൻ്റെ 26-ാമത് സമ്മേളനത്തിൽ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് സഹ-അധ്യക്ഷത വഹിക്കും. ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തെയും ശ്രീ ജയ്ശങ്കർ അഭിസംബോധന ചെയ്യും. റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി ശ്രീ ജയ്ശങ്കർ പ്രാദേശിക, ആഗോള വിഷയങ്ങളിൽ ചർച്ച നടത്തും. മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ

മന്ത്രി ഇന്നലെ വൈകുന്നേരമാണ് മോസ്കോയിലെത്തിയത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&